# കുട്ടികൾക്കായുള്ള ബൈബിൾ

## അവതരണം

# വഞ്ചകനായ യാക്കോബ്



എഴുതിയത് : Edward Hughes
ഉദാഹരണം : M. Maillot; Lazarus
അംഗികരിച്ചത് : M. Kerr; Sarah S; Alastair Paterson
തർജ്ജിമ ചെയുതത് : Rev. Benny
നിർമ്മിച്ചത് : Bible for Children
www.M1914.org

BFC
PO Box 3
Winnipeg, MB R3C 2G1
Canada

©2022 Bible for Children, Inc.
കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.



നിങ്ങളുടെ കുടുംബത്തിൽ ദൈവം
എപ്പോഴെങ്കിലും ഒരു കുട്ടിയെ
നല്കിയിട്ടുറോ? എത്രയോ
ആനന്ദകരമാണത്!
യിസ്ഹാക്കിനും
റിബേക്കയ്ക്കും ഇരട്ടി
സന്തോഷമാണിപ്പോൾ.
ദൈവം അവർക്ക് ഇരട്ട
കുട്ടികളെ
നല്കാൻ
പോകുന്നു.

റിബേക്കയുടെ ഉള്ളിൽ കുട്ടികൾ രുംകൂടെ ഉന്തും തള്ളും തുടങ്ങി. അവൾ പ്രാർത്ഥിച്ചപ്പോൾ, അവളുടെ രു പുത്രന്മാർ രു ജാതികളെ നയിക്കുമെന്നും ഇളയവൻ ശ്രേഷ്ഠനാകുമെന്നും ദൈവം പറഞ്ഞു. സാധാരണയായി ആദ്യജാതനാണ് ശ്രേഷ്ഠനാകേത്. ഒടുവിൽ കുട്ടികൾ രുപേരും ജനിച്ചു.



ഇരട്ടകൾ രുപേരും ഒരുപോലെയല്ലായിരുന്നു. മൂത്തകുട്ടിയായ ഏശാവിന്റെ ശരീരം രോമാവൃതമായിരുന്നു. അവൻ കഴിവുറ്റ ഒരു വേട്ടക്കാരനായി വളർന്നു. യാക്കോബിന്റെ ചർമ്മം മിനുസമുള്ളതായിരുന്നു. വീടിനെ ചുറ്റിപ്പറ്റി എന്തെങ്കിലുമൊക്കെ ചെയ്യുന്നതായിരുന്നു അവനിഷ്ടം. പിതാവായ യിസ്ഹാക്ക് ഏശാവിനെ അധികം സ്നേഹിച്ചു. എന്നാൽ മാതാവ് യാക്കോബിനെയാണ് അധികം സ്നേഹിച്ചത്.



ഒരു ദിവസം ഏശാവിനു വളരെ വിശന്നു. അവൻ യാക്കോബിനോടു പറഞ്ഞു, “എനിക്കു ഭക്ഷണം തരിക.” യാക്കോബ് ഒരു കരാർ വച്ചു, “നിന്റെ ജന്മാവകാശം എനിക്കു തരിക.” ആദ്യജാതനെക്കുറിച്ചുള്ള ദൈവത്തിന്റെ വാഗ്ദത്തത്തെക്കുറിച്ച് ഏശാവ് കാര്യമാക്കിയില്ല. അവൻ യാക്കോബുമായി സന്ധിയിൽ ഏർപ്പെട്ടു. ഇനി അവരുടെ പിതാവിന്റെ മരണശേഷം യാക്കോബാണ് കുടുംബത്തിന്റെ തലവൻ.



ഒരു രാത്രിയിൽ ദൈവം യിസ്ഹാക്കിനോട് സംസാരിച്ചു. “ഞാൻ നിന്റെ പിതാവായ അബ്രഹാമിന്റെ ദൈവം ആകുന്നു. ഞാൻ നിന്നോടുകൂടെ ഇരിക്കും. ഞാൻ നിന്റെ തലമുറയെ അനുഗ്രഹിക്കും.” യിസ്ഹാക്ക് ദൈവത്തെ ആരാധിക്കുമെങ്കിലും തന്റെ മകൻ ഏശാവ് ദൈവത്തെ അറിയാത്ത ജാതികളായ ഹിത്യരിൽനിന്നു രു ഭാര്യമാരെ കൊ ുവന്നു.





യിസ്ഹാക്ക് വൃദ്ധനായി. അദ്ദേഹം ഏശാവിനോടു പറഞ്ഞു, “എനിക്കുവേി നല്ല ഇറച്ചി കൊുവരിക, ഞാൻ തിന്നിട്ട് നിന്നെ അനുഗ്രഹിക്കും.” ഈ പ്രത്യേക അനുഗ്രഹം പിതാവ് ആദ്യജാതനു നല്കുന്നതാണ്. ഏശാവ് അതിവേഗം വേട്ടയ്ക്കായി പുറപ്പെട്ടു. റിബേക്ക ഈ സംഭാഷണം കേട്ടു. യാക്കോബ് അനുഗ്രഹിക്കപ്പെടുവാൻ അവൾ ആഗ്രഹിച്ചു.



റിബേക്ക ഒരു പദ്ധതി തയ്യാറാക്കി. യിസ്ഹാക്കിന് ഏറ്റവും ഇഷ്ടമുള്ള ഭക്ഷണം റിബേക്ക അതിവേഗം തയ്യാറാക്കിക്കൊിരിക്കുമ്പോൾ, യാക്കോബ് ഏശാവിന്റെ ഉടുപ്പിട്ട് തലയിലും കഴുത്തിലും രോമമുള്ള മൃഗത്തിന്റെ തുകൽ അണിഞ്ഞു. യിസ്ഹാക്കിന് കാഴ്ച മങ്ങിയിരുന്നു. ഒരുപക്ഷേ, അവർക്കവനെ വഞ്ചിക്കാൻ കഴിയുമായിരിക്കും.

യാക്കോബ് യിസ്ഹാക്കിന്റെ അടുത്ത് ഭക്ഷണം കൊുവന്നു. “നിന്റെ ശബ്ദം യാക്കോബിന്റെ ശബ്ദംപോലെയിരിക്കുന്നു. പക്ഷേ, നിന്റെ കൈകൾ ഏശാവിന്റെ കൈകൾപോലെയിരിക്കുന്നു,” യിസ്ഹാക്ക് പറഞ്ഞു. ഭക്ഷണം കഴിഞ്ഞശേഷം തന്റെ മുമ്പിൽ മുട്ടുകുത്തിയിരിക്കുന്ന മകനെ യിസ്ഹാക്ക്



അനുഗ്രഹിച്ചു.

യാക്കോബ് യിസ്ഹാക്കിന്റെ അടുത്തുനിന്ന് പോയശേഷം ഏശാവ് വന്നു. “ഇതാ, ഭക്ഷണം,” അവൻ പറഞ്ഞു. താൻ ചതിക്കപ്പെട്ടു എന്ന് യിസ്ഹാക്കിന് ബോദ്ധ്യമായി. അദ്ദേഹം നിലവിളിച്ചു, “എനിക്ക് അനുഗ്രഹം മാറ്റുവാൻ കഴിയുകയില്ല.” ഏശാവിന്റെ ഹൃദയം പകകൊ് നിറഞ്ഞു. യാക്കോബിനെ കൊല്ലുവാൻ അവൻ തീരുമാനിച്ചു.



ഏശാവിന്റെ പോർവിളി റിബേക്ക കേട്ടു. അവൾ യാക്കോബിനോടു പറഞ്ഞു, “നിന്റെ അങ്കിളിന്റെ വീട്ടിലേക്ക് പോവുക. നീ ചെയ്തത് നിന്റെ സഹോദരൻ മറക്കുന്നതുവരെ അവിടെ താമസിക്കുക.” തന്റെ അമ്മയുടെ കുടുംബത്തിൽനിന്ന് യാക്കോബ് ഒരു ഭാര്യയെ കൊുവരുന്നത് യിസ്ഹാക്കിന് താല്പര്യമായി. അങ്ങനെ യാക്കോബ് വീട് വിട്ടുപോയി.



ആ രാത്രിയിൽ യാക്കോബ് ഒരു
കല്ല് തലയിണയായി വെച്ചുകൊ്
ഉറങ്ങാൻ കിടന്നു. അവൻ
ഏകാകിയും ഒരുപക്ഷേ,
പേടിയുള്ളവനും ആയിരുന്നു.
എന്നാൽ അവൻ
തനിച്ച് അല്ലായിരുന്നു.
അത്ഭുതകരമായ ഒരു
സ്വപ്നത്തിലൂടെ
ദൈവം അവനോട്
സംസാരിച്ചു.







“ഞാൻ നിന്റെ പിതാക്കന്മാരായ
അബ്രഹാമിന്റെയും
യിസ്ഹാക്കിന്റെയും
ദൈവമാകുന്നു. ഞാൻ
നിന്നോടുകൂടെയിരിക്കും. ഞാൻ ഈ ദേശം നിനക്കു തരും.
നിന്റെ കുടുംബത്താൽ ഭൂമിയിലെ സകല കുടുംബങ്ങളും
അനുഗ്രഹിക്കപ്പെടും.” ദൈവം സംസാരിച്ചശേഷം
യാക്കോബ് ഉണർന്നു. അവൻ ഭയപ്പെട്ടിരുന്നു.

യാക്കോബിന്റെ അങ്കിൾ ലാബാൻ അവനെ കൈക്കൊു.
യാക്കോബ് തന്റെ കസിനായ റാഹേലിനെ
സ്നേഹിക്കുകയും അവളെ വിവാഹം
കഴിക്കേതിനുവേി ലാബാനെ
ഏഴുവർഷം സേവിക്കുകയും
ചെയ്തു. എന്നാൽ



വിവാഹരാത്രിയിൽ,
ലാബാൻ
യാക്കോബിനെ ചതിച്ചു.

“ഇത് ലേയ ആണ്, റാഹേൽ അല്ല, നീ എന്നെ കബളിപ്പിച്ചു” യാക്കോബ് പരാതിപ്പെട്ടു. ലാബാൻ പറഞ്ഞു, “മൂത്ത മകളാണ് ആദ്യം വിവാഹം കഴിക്കേത്. ഇപ്പോൾ റാഹേലിനെയും വിവാഹം ചെയ്തുകൊൾക. പക്ഷേ, അടുത്ത ഏഴു വർഷംകൂടെ എന്നെ സേവിക്കണം.”



യാക്കോബ് സമ്മതിച്ചു. താൻ യിസ്ഹാക്കിനെയും ഏശാവിനെയും കബളിപ്പിച്ച സംഭവം യാക്കോബ് ഇപ്പോൾ ഓർത്തുകാണും.



യാക്കോബിന് പതിനൊന്ന് പുത്രന്മാരു ായി. കാലങ്ങൾ കഴിഞ്ഞപ്പോൾ തന്റെ കുടുംബവുമായി കനാനിലേക്ക് തിരികെപ്പോകുവാൻ യാക്കോബ് കാത്തിരുന്നു. അവന്റെ മാതാപിതാക്കന്മാർ അവിടെയാണല്ലോ.



എന്നാൽ ഏശാവ് തന്നെ കൊന്നുകളയുമെന്ന് പ്രതിജ്ഞയെടുത്തിരിക്കയല്ലേ. പോകുന്നത് സുരക്ഷിതമാണോ? ഒരു ദിവസം ദൈവം യാക്കോബിനോട് തിരികെപ്പോകുവാൻ പറഞ്ഞു. യാക്കോബ് തന്റെ കുടുംബത്തെയും ആട്ടിൻകൂട്ടത്തെയും ഒരുമിച്ചുകൂട്ടി തിരികെപ്പോകുവാൻ ക്രമീകരണം ചെയ്തു.



അത് എന്തൊരു യാത്രയായിപ്പോയി! നാനൂറ് ആളുകളുമായി ഏശാവ് യാക്കോബിനെ എതിരേല്ക്കുവാൻ വന്നു. അവൻ യാക്കോബിനെ ഉപദ്രവിച്ചില്ല. അവൻ ഓടിവന്ന് യാക്കോബിനെ കെട്ടിപ്പിടിച്ച് ചുംബിച്ചു. യാക്കോബും ഏശാവും വീണ്ടും കൂട്ടുകാരായി. അങ്ങനെ യാക്കോബ്



സുരക്ഷിതമായി വീട്ടിലെത്തി.

# വഞ്ചകനായ യാക്കോബ്

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

ഉല്പത്തി 25–33

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിർത്തനം 119:130

# അവസാനം

6

60

അദ്ഭുദവനായ ദൈവം നമ്മളെ സൃഷ്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ പാപമെന്ന് വിളിക്കുന്നു
പാപത്തിനുള്ള ശിക്ഷ മരണമാണ് .എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട്
തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങൾക്ക് വേണ്ടി ക്രൂശിൽ മരിക്കേണ്ടതിന്
ഈ ലോകത്തിലേക്ക് അയച്ചു യേശു മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റു
സ്വർഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും. നമ്മുടെ പാപങ്ങൾ
ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് യേശു നമ്മുടെ ഹൃദയത്തിൽ
വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി
മരിപ്പാൻ മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ ഹൃദയത്തിലേക്ക്
വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ എനിക്ക് പുതിയൊരു ജീവിതം തരേണമേ.
ഒരു ദിവസം നിന്നോട് കൂടെ ഞാൻ നിരന്തരം ആയിരിക്കും നിനക്ക് വേണ്ടി
ജീവിപ്പാനും, അനുസരിപ്പാനും നിന്റെ മകനായിരിപ്പനും സഹായിക്കേണമേ,
ആമേൻ.

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും ചെയുക.
യോഹന്നാൻ 3:16